റോഡിന്റെ വശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനെതിരെ നടപടി

60 [3233] ശ്രീ. ഡി. സുഗതൻ:
" എൻ. ശക്തൻ:
" ലൂഡി ലൂയിസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ല്യു. ഡി. റോഡുകളുടെ വികസനത്തിന്റെ പേരിൽ റോഡിന്റെ വശങ്ങളിൽ നിൽക്കുന്ന വലിയ മരങ്ങൾ മുറിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) 200 വർഷത്തിലധികം പഴക്കമുള്ള മരങ്ങൾ മുറിക്കുവാൻ ആലോചന യുണ്ടോ;

(സി) പാല, കോട്ടയം റൂട്ടിൽ കട്ടച്ചിറയിലുള്ള ഇത്തരം മരങ്ങൾ വെട്ടിനീക്കു ന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) റോഡ് സുരക്ഷയ്ക്ക് ആവശ്യമുള്ള മരങ്ങൾ മാത്രമേ മുറിച്ചുമാറ്റുന്നുള്ളൂ.

(സി) ഇല്ല.

എൻ. എം. ആർ. വിഭാഗം പുനസ്ഥാപിക്കൽ

61 [3234] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മെയിന്റനൻസിനും റിപ്പയറിംഗിനും മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ എൻ.എം.ആർ. വിഭാഗത്തെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം നിയമനത്തിന് എത്ര തുക അധികചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ ആന്റ് ബി) തുടർച്ചയായി എൻ.എം.ആർ. തൊഴിലാളികളെ നിയമിക്കാൻ നിലവിലുള്ള നിയമപ്രകാരം നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly